നം. എ1 263/91

അസ്സി.എക്സിക്യൂട്ടീവ്എഞ്ചിനീയറുടെ കാര്യാലയം,
പി.വി.ഐ.പി.സബ് ഡിവിഷൻ നം.4,ആലുവ
ഫോൺ: 0484 2603338
തീയതി: 29/01/2018

## പുനർലേലപരസ്യം 3

ആലുവ പി.വി.ഐ.പി.സബ് ഡിവിഷൻ നം.4, ആലുവ, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും പരസ്യപ്പെടുത്തുന്നത്

പെരിയാർ വാലി ജലസേചന പദ്ധതിയുടെ ഇടപ്പള്ളി ബ്രാഞ്ച് കനാലിന്റെ കുറുകെ ചെ.11.30 കി.മീ വരുന്ന ഭാഗത്ത് പാലം പണി നിർമ്മാണവുമായി ബന്ധപ്പെട്ട് ലഭിച്ച 325.82 ക്യൂ.മീ ചുവന്ന മണ്ണ്, 2018 ഫെബ്രുവരി മാസം 8-ാം തീയതി പകൽ 11 മണിക്ക് ഈ ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്യ് വിൽക്കുന്നതാണ്. ലേലത്തിൽ പങ്കുകൊള്ളുവാൻ ആഗ്രഹിക്കുന്നവർ 1,000/- രൂപ നിരതദ്രവ്യം കെട്ടിവെച്ച് ലേലത്തിൽ പങ്കുകൊള്ളേണ്ടതാണ്. കൂടുതൽ തുകയ്ക്കു ലേലം കൊണ്ടയാളുടെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതായിരിക്കും. ലേലത്തുകയും ചരക്ക്സേവനനികുതിയും, ആദായനികുതിയും ഉൾപ്പെടുന്ന തുക അപ്പോൾത്തന്നെ കെട്ടിവെയ്ക്കേണ്ടതാണ്. കൂടാതെ, ലേലം ചെയ്ത് നീക്കം ചേയ്യേണ്ടുന്ന മണ്ണിന് സീനിയോറേജ്, റവന്യൂ വകപ്പിൽ ഒടുക്കേണ്ടതും സീനിയോറേജിന് പുറമേ ക്യൂ.മീറ്ററിന് 40 രൂപ നിരക്കിൽ റോയൽറ്റിയും ആയതിന്റെ 2% നികുതിയും ഒടുക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തുന്നവർ പാൻ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിച്ചാൽ ലേലവസ്തുക്കൾ 7 ദിവസത്തിനകം ലേല സ്ഥലത്തു നിന്നും നീക്കം ചെയ്യേണ്ടതാണ്. ലേലം കൊണ്ട തുക കെട്ടി വെയ്ക്കാതിരിക്കുകയാണെങ്കിൽ നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതാണ്. മണ്ണ് നീക്കം ചെയ്യുമ്പോൾ സമീപത്തുള്ള കെട്ടിടത്തിനോ കനാലിനോ കനാൽ ബണ്ടിനോ മറ്റു വൃക്ഷങ്ങൾക്കോ കേടുപാടുകൾ സംഭവിക്കാതെ ശ്രദ്ധിക്കേണ്ടതാണ്. അഥവാ കേടുപാടുകൾ സംഭവിച്ചാൽ ഡിപ്പാർട്ടുമെൻറിൽ നിന്നും നിശ്ചയിക്കുന്ന നഷ്ടപരിഹാരം ഈടാക്കുന്നതാണ്. നിലവിലുള്ള എല്ലാ ലേലനിബന്ധനകളും ഇതിന് ബാധകമാണ്. കൂടുതൽ വിവരങ്ങൾക്ക് ആലുവ പി.വി.ഐ.പി.സബ് ഡിവിഷൻ നം.4 ഓഫീസുമായി ബന്ധപ്പെടുക.

അസിസ്റ്റൻറ് എക്സിക്യൂട്ടീവ്എഞ്ചിനീയർ
ASSISTANT EXECUTIVE ENGINEER
P.V.I.P. SUB DIVISION. NO: IV. ALUVA

പകർപ്പ്:

1. എക്സിക്യൂട്ടീവ് എഞ്ചിനീയർ,പി.വി.ഐ.പി.സബ് ഡിവിഷൻ നം.2,ആലുവ
2. അസിസ്റ്റൻറ് എഞ്ചിനീയർ,പി.വി.ഐ.പി.സെക്ഷൻ 2/4,ആലുവ
3. നോട്ടീസ് ബോർഡ്
4. വില്ലേജ് ഓഫീസ്, കാക്കനാട്
5. തൃക്കാക്കര മുനിസിപ്പാലിറ്റി
6. പി.വി.ഐ.പി.സബ് ഡിവിഷൻ നം.7, കോലഞ്ചേരി
7. ഐ.ടി സെൽ, ഇറിഗേഷൻ

OFFICE OF THE ASST. EXECUTIVE ENGINEER
ALUVA
Date..
P.V.I.P. SUB DIVISION NO. IV

SR notice